**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 571** **13-10-2026-ൽ മറുപടിയ്ക്ക്**

**ചെമ്പകടവ് ഫേസ് 3 പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. കാസിം

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** തിരുവമ്പാടി മണ്ഡലത്തിൽ വർഷങ്ങളായി കെ.എസ്.ഇ.ബി. പ്രോജക്ട് വിങ്ങിന്റെ കയ്യിലിരിക്കുന്ന ചെമ്പകടവ് ഫേസ് 3 പദ്ധതി നടപ്പിലാക്കുവാൻ കെ.എസ്.ഇ.ബിക്ക് സാധിക്കുമോ; സാധിക്കാത്ത പക്ഷം സ്വകാര്യ സംരംഭകർക്ക് അവസരം നൽകി സമയബന്ധിതമായി ഏറ്റവും ചുരുങ്ങിയ ചെലവിൽ വൈദ്യുതി ഉൽപ്പാദനം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ കോടഞ്ചേരി വില്ലേജിൽ ചെമ്പുകടവ് മൂന്നാംഘട്ട ചെറുകിട ജലവൈദ്യുത പദ്ധതി (7.5 മെഗാവാട്ട്) കെ.എസ്.ഇ.ബി ലിമിറ്റഡ് കണ്ടെത്തിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിച്ചുകൊണ്ട് വിഭാവനം ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിയിൽ നിന്ന് 22.17 MU (ദശലക്ഷം യൂണിറ്റ് ) ഊർജ്ജം സാധ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതിക്ക് 23.12.2014-ന് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ പുതുക്കിയ ഭരണാനുമതി ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ Negotiated Purchase മുഖേന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരവേ, ഇനിമുതൽ RFCT LARR Act, 2013 പ്രകാരം മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂവെന്ന് റവന്യൂ വകുപ്പ് അറിയിച്ചതിനെ തുടർന്ന് Negotiated Purchase മുഖേന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടരാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായി.

തുടർന്ന്, RFCT LARR Act, 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതിനിടെ KSERC-യുടെ പുതുക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായും സമീപ വർഷങ്ങളിലെ ജലലഭ്യത കണക്കിലെടുത്തും പദ്ധതിയുടെ DPR പരിഷ്കരിച്ചിട്ടുണ്ട്.

പദ്ധതിക്ക് സർക്കാരിന്റെ പുതുക്കിയ ഭരണാനുമതിയും ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനാവശ്യമായ അനുമതിയും ലഭിക്കുന്ന മുറക്ക് കെ.എസ്.ഇ.ബി ലിമിറ്റഡിന് പദ്ധതി ആരംഭിക്കാവുന്നതും, 30 മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**